● പ്രതികരണം

**പ്ലാച്ചിമട സമരത്തെ തുടർന്ന് 2003 ൽ പെരുമാട്ടി പഞ്ചായത്ത് പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ ലൈസൻസ് റദ്ദ് ചെയ്തുവല്ലോ. ഇതേ തുടർന്ന് പ്രശ്നം കേരള ഹൈക്കോടതിയിലെത്തിയപ്പോൾ പ്ലാച്ചിമടയിൽ കോക്കകോളാ കമ്പനിയുടെ ജലോപയോഗം മൂലമുണ്ടായ ഫലങ്ങളെ കുറിച്ചന്വേഷിക്കാൻ കേരള ഹൈക്കോടതി കോഴിക്കോടുള്ള സി. ഡബ്ലിയു.ആർ. ഡി. എം. നെ ചുമതലപ്പെടുത്തി. ഈ വിദഗ്ദ സമിതി റിപ്പോർട്ടിലെ പാകതകളെക്കുറിച്ച് ഡോ. രവിരാമൻ 'ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലി'യിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. ഇതിനോട് പ്രതികരച്ചുകൊണ്ട് കേന്ദ്ര ഭൂജല ബോർഡ് അദ്ധ്യക്ഷൻ സലിം റൊമാനി 2005 ഡിസംബർ 3ന് ഈ വാരികയിൽ ഒരു കത്തെഴുതി. ഈ കത്തിന് പ്രതികരിച്ചുകൊണ്ട് ഡോ.രവിരാമൻ അയച്ച മറുപടി കത്ത് പക്ഷേ വാരിക പ്രസിദ്ധപ്പെടുത്തിയില്ല. പ്രസ്തുത കത്തിലെ പ്രസക്ത ഭാഗങ്ങളാണ് ഈ കുറിപ്പിൽ.**

# പ്ലാച്ചിമടയിലെ കോർപ്പറേറ്റ് അതിക്രമം

ഡോ. രവിരാമൻ/പരിഭാഷ : ശ്രീജ

കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ പഠനമനുസരിച്ച് പ്ലാച്ചിമട മഴനിഴൽ പ്രദേശങ്ങളിൽ പെടുന്നതാണ്. പ്ലാച്ചിമടയും സമീപ പ്രദേശങ്ങളിലെയും ഭൂഗർഭജല സംഭരണത്തിന്റെ അളവിനേക്കാൾ കൂടുതലാണ് കൊക്കകോള ഫാക്ടറിയിൽ ഉപയോഗിക്കുന്നത്. ഭൂഗർഭജലവിനിയോഗിത്തിന്റെ പരിധികൾ ലംഘിച്ചുകൊണ്ടാണ് കോള കമ്പനിയുടെ ജലചൂഷണം തുടരുന്നത്. ഇത് പല പഠനങ്ങളിലുടെ തെളിയിക്കപ്പെട്ട കാര്യമാണ്. ഇത് കിഴക്കൻ പാലക്കാടിന്റെ കാര്യമാണ്. എന്നാൽ കൊക്കകോള ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഉഷ്ണ ഉഷ്ണേതര കാലങ്ങളിലും കാര്യമായ ഭൂഗർഭജല ലഭ്യത വ്യതിയാനം കാണുന്നുണ്ട്. കമ്പനി ഉൾപ്പെടുന്ന ചിറ്റൂർ ബ്ലോക്കിനെ കേന്ദ്ര ഭൂഗർഭജല ബോർഡ്വരെ അമിത ചൂഷണം നടക്കുന്ന സ്ഥലങ്ങളുടെ പട്ടികയിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഉപരിതലത്തിൽ നിന്ന് അടിതട്ടിലേക്ക് അരിച്ചിറങ്ങുന്ന വെള്ളത്തിന്റെ അളവിനെയും ബാധിക്കും. അതുകൊണ്ട് തന്നെ കുഴൽ കിണറുകളിലെയും സാധാരണ കിണറുകളിലെയും വെള്ളമാണ് കമ്പനി ഉപയോഗിക്കുന്നത്. ഈ വെള്ളത്തിന്റെ അമിത ഉപയോഗം ആ കിണറുകളിലെയും സമീപ പ്രദേശത്തെ കിണറുകളിലെയും വെള്ളം ഇല്ലാതാക്കും. അതു തന്നെയാണ് പ്ലാച്ചിമടയുടെ കാര്യത്തിലും സംഭവിച്ച് കൊണ്ടിരിക്കുന്നത്. അതിനെതിരെയാണ് അവിടെയുള്ള ആളുകൾ കോള വിരുദ്ധ പ്രസ്ഥാനം തുടങ്ങിയതും, പ്രകൃതിദത്ത ജലസ്രോതസുകൾ അതിന്റെ സമീപ പ്രദേശങ്ങളിലെ മഴ ഉൾപ്പെടെയാണ് നിറയ്ക്കപ്പെടുന്നത്. ഒരു മഴ നിഴൽ പ്രദേശത്തെ അമിത ജല ചൂഷ്ണം തന്നെയാണ് ഈ പ്രദേ

ശത്തിന്റെ പ്രശ്നവും. കുന്ദമംഗലത്തെ ജലവിഭവ മാനേജ്മെന്റ് കേന്ദ്രം പഠനത്തിന് ഉപയോഗിച്ചത് കമ്പനി അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് 1999ലെ കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ പഴയ റിപ്പോർട്ടിലെ വിവരങ്ങളെയാണ്. ജലസംഭരണത്തിന് സുരക്ഷിത മേഖലകളിലൊന്നായി കരുതിയിരുന്ന ചിറ്റൂർ ബ്ലോക്ക് ഇപ്പോൾ സ്ഥാനം പിടിച്ചിരിക്കുന്നത് അമിത ചൂഷണം നടത്തുന്ന മേഖകളിലാണ്. ഇത് കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ 2004ലെ പഠനപ്രകാരമാണ്. ഈ ഒറ്റ കാരണം മതി ഹൈക്കോടതിക്ക് കമ്പനിയെ അനുകൂലിച്ചുകൊണ്ട് പഞ്ചയാത്ത് ലൈസൻസ് നൽകണമെന്നുള്ള വിധിയെ പുനഃപരിശോധിക്കാൻ. മാത്രവുമല്ല കേന്ദ്ര ഗവൺമെന്റിന്റെ ജലനയം പ്രകാരം അമിത ചൂഷണം നടക്കുന്ന മേഖലകളിൽ വ്യാവസായിക ആവശ്യത്തിന് വെള്ളം ഉപയോഗിക്കുന്നത് തടഞ്ഞിട്ടുമുണ്ട്.

ഇത് ഫാക്ടറി പൂട്ടിക്കാനുള്ള ന്യായങ്ങളിലൊന്നാണ്. അങ്ങനെ സംസ്ഥാന ഗവൺമെന്റും ജലവിഭവ മാനേജ്മെന്റ് കേന്ദ്രവും കൂടി കേന്ദ്ര സർക്കാരിന്റെ നയങ്ങളെ ലംഘിക്കുകയും പ്രദേശത്തെ ജനങ്ങളുടെ ജീവിതം ദുരിതത്തിൽ ആഴ്ത്തുകയും ചെയ്തു. ഇത് കേരള ഹൈക്കോടതിക്ക് കമ്പനിയുടെ പ്രവർത്തനത്തെക്കുറിച്ച് പുനപരിശോധിക്കാനുള്ള മറ്റൊരു കാരണമാണ്. കോടതി ധാർമ്മിക ഉത്തരവാദിത്വമുള്ള സാമൂഹ്യ ഏജൻസിയാണ്. അതുകൊണ്ട് തന്നെ പുതിയ അറിവിന്റെ വെളിച്ചത്തിൽ മുൻ ഉത്തരവിനെ മറികടക്കാവുന്നതോ കോള വിരുദ്ധ സമിതിക്കോ പെരുമാട്ടി പഞ്ചായത്തിനോ ഇതിൽ പുതിയ അപ്പീൽ കേരള ഹൈക്കോടതിക്കോ സുപ്രീം കോടതിക്കോ സമർപ്പിക്കാവുന്നതാണ്.

കേരള ഗവൺമെന്റിന്റെയും കേന്ദ്ര ഭൂഗർഭജല ബോർഡും സംയുക്ത പഠനമനുസരിച്ച് ഭൂമിയുടെ അടിത്തട്ടിലേക്ക് എത്തുന്ന മഴവെള്ളം 5 മുതൽ 8 ശതമാനം മാത്രമാണ്. എന്നാൽ കെ. രവി രാമന്റെ പഠനമനുസരിച്ച് പ്ലാച്ചിമടയിൽ മാത്രം ഇത് 11 ശതമാനമായിരിക്കുമ്പോൾ CWRDM ന്റെ പഠനം, മഴ വെള്ളത്തെ സംബന്ധിച്ച വസ്തുതകളെ ലളിതവൽക്കരിച്ചത് കമ്പനിയ്ക്ക് അനുഗുണമായ രീതിയിലാണ്. വിദഗ്ദ സമിതിയുടെ കണക്കുകൾ പ്രകാരം 0.1825 MCM എന്ന ഹിന്ദുസ്ഥാൻ കൊക്കകോളയുടെ ജല ആവശ്യം ജലസ്രോതസുകളുടെ 5 ശതമാനത്തിൽ താഴെയാണ്. എന്നാൽ ഈ കണക്ക് ചിറ്റൂർ ബ്ലോക്കിലെ ഗാർഹിക വ്യാവസായങ്ങളെ ഉൾക്കൊള്ളിക്കാതെയുള്ള രേഖയാണ്. പ്ലാച്ചിമട സംബന്ധിച്ച് CWRDM ഇങ്ങനെ രേഖപ്പെടുത്തുമ്പോൾ മീനാക്ഷിപുരത്തുള്ള വ്യാവസായവും ഇതേ മേഖലയിൽ തന്നെയാണെന്ന് മനസ്സിലാക്കാത്തത് തികച്ചും സങ്കടകരമാണ്.



**CWRDM ന്റെ കണക്ക് പ്രകാരം ഒമ്പതാം വാർഡിലെ 6 കുഴൽ കിണറുകളും വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുമ്പോൾ കൊക്കകോള 5 ലക്ഷം ലിറ്റർ വെള്ളം വീതം ഉപയോഗിക്കുമ്പോൾ, കാർഷിക മേഖലയിലെ ജല ഉപയോഗമാണ് പ്ലാച്ചിമടയിലെ ജലക്ഷാമത്തിന് കാരണമെന്ന് പറയുന്നതിൽ എന്തടിസ്ഥാനമാണുള്ളത് ? മാത്രമല്ല കാർഷിക ആവശ്യത്തിനുള്ള ജലഉപഭോഗം പാരിസ്ഥിക സന്തുലിതമാണ്.**

അവശേഷിക്കുന്ന വെള്ളത്തിൽ ഗാർഹിക-കാർഷിക ആവശ്യത്തിനുശേഷം ബാക്കിയുള്ള 73ശതമാനം വെള്ളം ഉപയോഗിക്കാമെന്നാണ് CWRDM കണക്കാക്കിയിരിക്കുന്നത്. എന്നാൽ ജല ഉപഭോഗം നടത്തുന്ന മറ്റ് വ്യാവസായങ്ങളും നിലനിൽക്കുന്ന ഈ പ്രദേശത്ത് ഈ വാദഗതി നിലനിൽക്കാത്തതാണ്.

ഈ സാഹചര്യത്തിൽ CGWB പഠനത്തിലെ മറ്റൊരു തെറ്റായ കാര്യമിതാണ്. സംഘത്തിന്റെ 2005ലെ പഠനം നടത്തിയിരിക്കുന്നത് വാർഡ് ഒമ്പതിനെ ഒരു യൂണിറ്റായി കണക്കാക്കിയാണ്. പക്ഷേ ഭരണ തലത്തിലുള്ള വാർഡ് എന്ന യൂണിറ്റും അതിന്റെ ജല ഭൂപ്രദേശ സവിശേഷതകളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നതാണ്. മറ്റൊരു രസകരമായ വസ്തുത കമ്പനിക്ക് ചുറ്റുമുള്ള ഒരു കിലോമീറ്ററാണ് പഠനത്തിന്റെ യൂണിറ്റായി കണക്കാക്കിയിട്ടുള്ളത്.

എന്നാൽ ഇങ്ങനെ സ്വീകരിച്ചതിനു പിന്നിലെ യുക്തി CWRDM വെളിപ്പെടുത്തിയിട്ടില്ല.രണ്ട് പഠന സംഘങ്ങളും വ്യത്യസ്ത യുണിറ്റുകളെ അടിസ്ഥാനമാക്കിയാണ് പഠനം നടത്തിയിരിക്കുന്നത്. ഇത് രണ്ട് കാരണങ്ങൾ കൊണ്ട് വിശ്വസനീയമല്ല/സ്വീകാര്യമല്ല. കാരണം കൊക്കകോളയുടെ പ്രവർത്തനം മൂലം സമീപപ്രദേശങ്ങളിൽ ഉണ്ടാക്കിയ കുടി

വെള്ള ദൗർലഭ്യത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനം നടത്താനാണ് CWRDM നോട് ആവശ്യപ്പെട്ടിരിക്കുന്നത്. അവർ പഠനത്തിനോട് ആത്മാർത്ഥതകാണിച്ചിരുന്നെങ്കിൽ തികച്ചും വ്യത്യസ്ഥമായ നിലപാട് സ്വീകരിച്ചേനേ, പ്രത്യേകിച്ച് തർക്കരഹിതമായ ചില വസ്തുതകളിൽ കേന്ദ്രകമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു കിലോമീറ്ററിനുള്ളിൽ 42 കിണറുകളും ഹാൻഡ് പമ്പ് ഉപയോഗിക്കുന്ന, 2 കുഴൽ കിണറുകളും, മോട്ടോർ ഉപയോഗിക്കുന്ന 7 കുഴൽ കിണറുകളും കമ്പിനിയ്ക്ക് ഉണ്ട്. ഏഴെണ്ണത്തിൽ ഒന്നൊഴികെബാക്കിയെല്ലാം പ്രവർത്തിക്കുന്നത് കമ്പനി ആവശ്യത്തിനും മറ്റുള്ളവ ഗാർഹിക ആവശ്യത്തിനോ മറ്റു ജീവനോപാധികൾക്കുവേണ്ടിയോ ആണ്. അത് കമ്പനി ഉപയോഗിക്കുന്ന വെള്ളത്തേക്കാൾ കുറവായിരിക്കും. അവരുപയോഗിക്കുന്ന വെള്ളത്തിന്റെ അളവാണ് ഇപ്പോൾ തർക്കവിഷയം.

കമ്പനിയുടെ കണക്ക് പ്രകാരം ദിനം പ്രതി 5 ലക്ഷം ലിറ്റർ വെള്ളം അതായത് ഒരു വർഷം 0.183 MCM എന്നതാണ്. എന്നാൽ കമ്പനിയുടെ സ്ഥാപിതശേഷിയനുസരിച്ച് 15 ലക്ഷം ലിറ്ററാണ് പ്രതിദിനം ആവശ്യമായി വരുന്നത്. കേരള ഹൈക്കോടതി ഇടപ്പെടുന്നത് വരെ കമ്പനിയുടെ ഭാഗത്ത് നിന്നോ സർക്കാർ ഏജൻസികളുടെ ഭാഗത്തുനിന്നോ ഉപയോഗിക്കപ്പെടുന്ന വെള്ളം 5 ലക്ഷം ലിറ്ററാണെന്ന് എന്നത് കൃത്യമായി നിരീക്ഷിച്ചിട്ടില്ല. പിന്നെ എങ്ങനെയാണ് കമ്പനി 5 ലക്ഷം ലിറ്റർ വെള്ളം ഉപയോഗിച്ചു എന്നത് നമ്മുക്ക് സ്വീകാര്യമാവുക. കേരളത്തിൽ ഒരു ചതുരശ്ര കിലോമീറ്ററിലെ ജനസംഖ്യ 817 ആയിരിക്കുമ്പോൾ പ്ലാച്ചിമടയിലെ കോളനി വാസികളുടെ ജനസംഖ്യ 1500 ആണ്. അത്തരം ഒരു പ്രദേശത്തെ അമിത വെള്ളമെടുപ്പിന്റെ അനന്തരഫലം കൂടുതൽ ശക്തമായിരിക്കും.

ഒമ്പതാം വാർഡിലെ ജലത്തിന്റെ 86.77 ശതമാനവും കാർഷിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് സത്യമാണ്, കൃഷി തന്നെയാണ് അവിടുത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗവും. പക്ഷെ ഒന്നു നമ്മൾ വിസ്മരിച്ചുകൂടാ. തദ്ദേശവാസികളും നമ്മുടെ സംസ്ഥാനവും കൃഷിയുടെ ഗുണം നേടുമ്പോൾ കൊക്കകോളയുടെ ലാഭം മുഴുവനും ബഹു രാഷ്ട്ര കുത്തകകൾക്കാണ്.

CWRDM ന്റെ കണക്ക് പ്രകാരം ഒമ്പതാം വാർഡിലെ 6 കുഴൽ കിണറുകളും വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുമ്പോൾ കൊക്കകോള 5 ലക്ഷം ലിറ്റർ വെള്ളം വീതം ഉപയോഗിക്കുമ്പോൾ, കാർഷിക മേഖലയിലെ ജല ഉപയോഗമാണ് പ്ലാച്ചിമടയിലെ ജലക്ഷാമത്തിന് കാരണമെന്ന് പറയുന്നതിൽ എന്തടിസ്ഥാനമാണുള്ളത് ? മാത്രമല്ല കാർഷിക ആവശ്യത്തിനുള്ള ജലഉപഭോഗം പാരിസ്ഥിക സന്തുലിതമാണ്. ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചപ്പോൾ മാത്രമേ പാരിസ്ഥിക സന്തുലനം ഇല്ലാതാക്കികൊണ്ട് പ്ലാച്ചിമടയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. CWRDM ഉം CGWB ഉം നടത്തിയ വ്യത്യസ്ത പഠനങ്ങൾ വ്യത്യസ്തമായ പഠനരീതികൊണ്ടും വ്യത്യസ്ത കാലഘടനയിലുമായതുകൊണ്ടും നമ്മെ ഒരു രീതിയിലും സഹായിക്കുന്നില്ല. യഥാർത്ഥത്തിൽ ആശയകുഴപ്പങ്ങളുണ്ടാക്കി സങ്കീർണ്ണത സൃഷ്ടിക്കാൻ മാത്രമെ അതിന് കഴിഞ്ഞുള്ളൂ. മറ്റൊരു അത്ഭുതകരമായ വസ്ഥുത റൊമനിയുടെ നേതൃത്വത്തിലുള്ള CGWB യുടെ പഠനം നടന്നത് കമ്പനി പൂട്ടിയിട്ടിരുന്ന 2005 കാലഘട്ടത്തിലാണ്. അതുകൊണ്ട് ധാർമ്മികതയുടെ പിൻബലവും നീതിയും പ്ലാച്ചിമടയിലെ ഒറ്റപ്പെട്ട സമൂഹത്തിന് ലഭ്യമാക്കാൻ CWRDM, CGWB,CSE എന്നീ സംഘടനകൾ മുൻകൈയ്യെടുക്കേണ്ടത് അനിവാര്യതയാണ്.

ravi.raman@manchester.ac.uk


## ആവശ്യമുണ്ട്

*മനസ്സിൽ നന്മയും മതിയായ യോഗ്യതയുമുള്ള വനിതാ സോഷ്യൽ വർക്കേഴ്സിന്റെ സേവനം ആവശ്യമുണ്ട്.*

ബന്ധങ്ങൾക്ക് : *പുനർജനി ചാരിറ്റബിൾ ട്രസ്റ്റ് ഫോർ ഡി-അഡിക്ഷൻ & റിഹാബിലിറ്റേഷൻ, പുമല പി.ഒ., തൃശൂർ.*

*ഫോൺ : 0487 2201332. www.p.narjani.org.*



## കേരളീയം പുസ്തകശാല

### പുസ്തകങ്ങൾ

1. **ഇല്ലംനിറ** (കഥകൾ)
   കെ.ആർ. ഇന്ദിര
2. **ചെന്നൈ വിശേഷവും കുറിപ്പുകളും**
   ബിജു എസ്. ബാലൻ
3. **ജാഗ്രതയുടെ കാവൽമാടം**
   കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
   എഡിറ്റർ : കെ.ആർ. ഇന്ദിര
4. **മാർക്സിസത്തിനുശേഷം**
   എഡിറ്റർ : ദിലീപ് രാജ്
5. **പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചകൾ**
   എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. **കേരളീയം സൈക്കിൾ പുസ്തകം**
   എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 9447674375
keraleeyamtcr@rediffmail.com


## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമര വിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം
കേരളീയം, കൊക്കാലെ,
തൃശൂർ-21.
ഫോൺ : 9446576943, 9895458954